

# ഈ ലഘുഗ്രന്ഥം എന്തിന്?

ബി.എസ്സ്.എൻ.എൽ. ഇന്നു നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് മാധ്യമങ്ങളിൽ ഒട്ടേറെ ചർച്ചകൾ നടക്കുന്നുണ്ട്. അവയിൽ മിക്കതിലും അവകാശപ്പെടുന്നത് ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കാനേ സാധ്യമല്ല. അത് അടച്ചുപൂട്ടുക തന്നെ വേണം എന്ന മുറവിളിയും അതോടൊപ്പം നടക്കുന്നുണ്ട്. അങ്ങനെ ബി.എസ്സ്.എൻ.എല്ലിന്റെ ഭാവിയെപ്പറ്റി ഒരു വിഷണ്ണത നിലനിൽക്കുന്നതുകൊണ്ടുതന്നെ ജീവനക്കാർ ആശയറ്റ നിലയിലാണിപ്പോൾ.

ഈ അവസരത്തിൽ ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ഉൽപ്പത്തി അന്വേഷിക്കുകയാണ് ഈ കൈപ്പുസ്തകത്തിലൂടെ. ഒന്നിനു പുറകെ ഒന്നായി കേന്ദ്രത്തിൽ അധികാരത്തിൽ വന്ന സർക്കാരുകൾ നടപ്പാക്കിയ ബി.എസ്സ്.എൻ.എൽ. വിരുദ്ധ നടപടികൾ എപ്രകാരമാണ് കമ്പനിയെ ദുർബ്ബലമാക്കിയതെന്ന് അക്കമിട്ട് പരിശോധിക്കുകയാണിവിടെ.

ഓൾ യൂണിയൻസ് ആൻഡ് അസ്സോസ്സിയേഷൻസ് ഓഫ് ബി.എസ്സ്.എൻ.എല്ലിന്റെ നേതൃത്വത്തിൽ ബി.എസ്സ്.എൻ.എല്ലിന് ഉപകരണങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യൂണിയനുകളും അസ്സോസിയേഷനുകളും നടത്തിയ യോജിച്ച സമരങ്ങളേയും പ്രക്ഷോഭണങ്ങളേയും കുറിച്ച് ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണം ഇനി സാധ്യമല്ല എന്ന് ചില 'വിദഗ്ധന്മാർ' അഭിപ്രായപ്രകടനം നടത്തുമ്പോഴും ഈ പുസ്തകം അസന്ദിഗ്ധമായ ഭാഷയിൽ പറയാനാഗ്രഹിക്കുന്നു; ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കാൻ സാധ്യമാണ് എന്നും അതിനുവേണ്ടി എന്തു ചെയ്യണം എന്നുമാണ്. വി.ആർ.എസ്സ്. നടപ്പാക്കാനും വിരമിക്കൽ പ്രായം 60 ൽ നിന്ന് 58 ആയി കുറയ്ക്കാനും സർക്കാർ പദ്ധതിയിടുന്നുണ്ട് എന്ന വാർത്ത ജീവനക്കാർക്കിടയിൽ, പ്രത്യേകിച്ച് നേരിട്ട് റിക്രൂട്ടു ചെയ്യപ്പെട്ട ജീവനക്കാരുടെ ഇടയിൽ കാര്യമായ ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ട്. ഈ പുസ്തകം അക്കാര്യങ്ങളെപ്പറ്റി വിശദീകരിക്കുകയും എല്ലാ തരത്തിലുമുള്ള പിരിച്ചുവിടലുകൾക്കുമെതിരെ പടപൊരുതാൻ ജീവനക്കാരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

പൊതുമേഖലയെ മൊത്തമായി പൊളിച്ചടുക്കുക എന്നതു തന്നെയാണ് സർക്കാരിന്റെ പൊതുവായ നയം. അങ്ങനെയിരിക്കെ ബി.എസ്സ്.എൻ.എല്ലിന്റെ രക്ഷയ്ക്കുവേണ്ടി ആത്മാർത്ഥമായ നടപടികൾ കൈക്കൊള്ളുമെന്ന് നാം പ്രതീക്ഷിക്കേണ്ടതില്ല. അതുകൊണ്ട് സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ – സ്വകാര്യമേഖലാനുകൂല നയങ്ങൾക്കെതിരെ പടപൊരുതാനൊരുങ്ങുന്ന ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ മുഖ്യധാരയിൽ അണിചേരാൻ ബി.എസ്സ്.എൻ.എൽ. തൊഴിലാളി വർഗ്ഗത്തോട് ഈ കൈപ്പുസ്തകം ആഹ്വാനം ചെയ്യുന്നു. ബി.എസ്സ്.എൻ.എൽ. അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ എന്താണെന്ന് തൊഴിലാളികൾക്ക് വിശദീകരിച്ചുകൊടുക്കാനും സ്ഥാപനത്തെ രക്ഷിക്കാൻവേണ്ടി നടത്തുന്ന സംഘടിത സമരങ്ങളിൽ ഭാഗഭാക്കാകാൻ അവർക്ക് ആത്മവിശ്വാസം നൽകാനും ഈ ചെറു ഗ്രന്ഥത്തിലൂടെ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലപ്രദമാകുമെന്ന വിശ്വാസത്തോടെ,

ന്യൂഡെൽഹി
24-07-2019

**പി. അഭിമന്യു**
ജനറൽ സെക്രട്ടറി

# ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണം : എന്താണ് ചെയ്യേണ്ടത്?

## സമാനതകളില്ലാത്ത പ്രതിസന്ധി

മുമ്പെങ്ങുമില്ലാത്ത തരത്തിലുള്ള ഒരു സാമ്പത്തിക പ്രതിസന്ധിയുടെ മധ്യത്തിലാണ് ഇന്ന് ബി.എസ്സ്.എൻ.എൽ. ഇതിന്റെ ആഴം എത്രമാത്രമാണ് എന്നറിയണമെങ്കിൽ 2019 ജൂൺ 17 ന് ബി.എസ്സ്.എൻ.എൽ. മാനേജ്മെന്റ് ഡി.ഒ.ടി. ക്കയച്ച കത്തിന്റെ ഉള്ളടക്കം പരിശോധിക്കണം. ആവശ്യമായ പണം ഡി.ഒ.ടി. ലഭ്യമാക്കിയില്ലെങ്കിൽ ജീവനക്കാർക്കു ഇനി മുതൽ ശമ്പളം നൽകാൻ സാധ്യമല്ലെന്നു മാത്രമല്ല കമ്പനിയുടെ പ്രവർത്തനങ്ങൾ ഇന്നത്തെപ്പോലെ മുന്നോട്ടു കൊണ്ടുപോകാനും കഴിയില്ല എന്ന് കത്തിൽ പറയുന്നു. വൈദ്യുതി ബില്ലുകൾ പോലും അടയ്ക്കുവാൻ ബി.എസ്സ്.എൻ.എല്ലിനു കഴിയുന്നില്ല എന്നതാണ് സത്യം. തത്ഫലമായി ബി.എസ്സ്.എൻ.എല്ലിന്റെ ബി.ടി.എസ്സുകളിലേക്കുള്ള വൈദ്യുതി ബന്ധം ഗണ്യമായ തോതിൽ വിച്ഛേദിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് നമ്മുടെ സേവനത്തിന്റെ മേന്മയെ പ്രതികൂലമായി ബാധിക്കുകയും ബി.എസ്സ്.എൻ.എല്ലിന്റെ റവന്യൂ വരുമാനത്തിൽ ഇനിയും കുറവുണ്ടാകുകയും ചെയ്യുന്നു. കരാർ തൊഴിലാളികൾക്ക് കഴിഞ്ഞ ആറു മാസമായി വേതനം ലഭിക്കാത്തതുകാരണം അവരുടെ കുടുംബംഗങ്ങൾ പട്ടിണിയിലാണ്. വേതനം ലഭിക്കാതിരുന്നതുകൊണ്ട് 5 കരാർ തൊഴിലാളികൾ ഇതിനകം ആത്മഹത്യ ചെയ്തിട്ടുണ്ട്. ബി.എസ്സ്.എൻ.എല്ലിനു വായ്പ നൽകാൻ ഒരു ബാങ്കും മുന്നോട്ടുവരുന്നില്ല.

മുൻപറഞ്ഞ സംഭവ വികാസങ്ങളാൽ ബി.എസ്സ്.എൻ.എല്ലിന്റെ പ്രശ്നം രാജ്യവ്യാപകമായി ചൂടേറിയ ചർച്ചയ്ക്ക് വിഷയീഭവിച്ചിരിക്കുന്നു. വാർത്താമാധ്യമങ്ങളിലും ബി.എസ്സ്.എൻ.എല്ലിനെക്കുറിച്ച് ധാരളമായി എഴുതപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു.

ചിലർ പ്രവചിക്കുന്നത് ബി.എസ്സ്.എൻ.എൽ. ഇതാ അവസാനിക്കാൻ പോകുന്നു എന്നാണ്. കോർപ്പറേറ്റ് മാധ്യമങ്ങളാകട്ടെ ബി.എസ്സ്.എൻ.എല്ലിനെ ഉടൻ തന്നെ സ്വകാര്യവത്ക്കരിക്കണമെന്ന് ആവേശപൂർവ്വം ആവശ്യപ്പെടുന്നു. മാസ ശമ്പളംപോലും ലഭിക്കുമെന്ന് ഉറപ്പില്ലാത്ത ഈ ഘട്ടത്തിൽ ജീവനക്കാർ നിരാശരും ഭാവിയെപ്പറ്റി വ്യാകുലരുമാണ്.

എരിതീയിൽ എണ്ണ ഒഴിക്കുമ്പോലെ; നമ്മുടെ ബഹുമാന്യനായ വാർത്താവിനിമയ-വിവരസാങ്കേതിക വകുപ്പുമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് പാർലമെന്റിൽ നടത്തിയ പ്രസ്താവന ബി.എസ്സ്.എൻ.എല്ലിന്റെ റവന്യൂ വരുമാനത്തന്റെ 75% വും ജീവനക്കാർക്ക് ശമ്പളത്തിനായി നീക്കിവയ്ക്കുന്നു എന്നാണ്. ഇതിൽ നിന്നും ബി.എസ്സ്.എൻ.എല്ലിന്റെ മൊത്തം വരുമാനവും ജീവനക്കാർ തിന്നുതീർക്കുന്നു എന്ന തോന്നലാണ് ജനങ്ങൾക്കിടയിൽ ഉണ്ടാകുക. എന്നാൽ വസ്തുത എന്താണ്? ഇക്കഴിഞ്ഞ വർഷങ്ങളിൽ ബി.എസ്സ്.എൻ.എല്ലിന്റെ റവന്യൂ കുത്തനെ താഴ്ന്നു വരികയായിരുന്നു. അതായത് 2016-17 ൽ 31533 കോടി രൂപയായിരുന്നത് 2018-19 ആയപ്പോഴേക്കും 18865 കോടിയായി. ഇതുകൊണ്ടു മാത്രമാണ് ജീവനക്കാരുടെ ശമ്പളം കമ്പനിയുടെ വരുമാനത്തിന്റെ ഉയർന്ന ശതമാന നിരക്കിലെത്തിയത്.

## എ.യു.എ.ബിയുടെ പ്രക്ഷോഭങ്ങൾ

ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക പ്രതിസന്ധി ഉപയോഗപ്പെടുത്തി ചില അധമന്മാർ തൊഴിലാളികളുടെ രോഷം ട്രേഡ് യൂണിയനുകൾക്കും അവയുടെ നേതാക്കൾക്കുമെതിരെ വഴിതിരിച്ചു വിടാൻ വേണ്ടി കിംവദന്തികളും കള്ളക്കഥകളും പ്രചരിപ്പിക്കുകയാണ്. യൂണിയനുകൾക്കും അസ്സോസിയേഷനുകൾക്കുമെതിരെ വിദ്വേഷജനകമായ സന്ദേശങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക പുനരുദ്ധാരണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഇക്കഴിഞ്ഞ വർഷങ്ങളിൽ എ.യു.എ.ബിയുടെ നേതൃത്വത്തിൽ ബി.എസ്സ്.എൻ.എൽ. യൂണിയനുകളും അസ്സോസിയേഷനുകളും തുടർച്ചയായ പ്രക്ഷോഭങ്ങൾ നടത്തിയിരുന്നു എന്ന വസ്തുത ജീവനക്കാർ മറക്കരുത്. 4 ജി സ്പെക്ട്രം അനുവദിക്കുക, സർക്കാർ റൂൾ പ്രകാരം

പെൻഷൻ കോൺട്രിബ്യൂഷൻ നൽകുക, ബി.എസ്സ്.എൻ.എല്ലിന്റെ ലാന്റ് മാനേജ്മെന്റ് പോളിസി അംഗീകരിക്കുക, എല്ലാ ആസ്തികളും ബി.എസ്സ്.എൻ.എല്ലിനു കൈമാറുക, ഗവൺമെന്റ് ബി. എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുമെന്ന 2000 ൽ നൽകിയ ഉറപ്പുകൾ പാലിക്കുക എന്നിവ ഈ പ്രക്ഷോഭങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന ആവശ്യങ്ങളാണ്.

2017, 2018, 2019 എന്നീ വർഷങ്ങളിൽ നിരവധി പ്രക്ഷോഭങ്ങൾ നടന്നു. 2017 ഡിസംബർ 12, 13 എന്നീ തീയതികളിൽ നടന്ന രണ്ടു ദിവസത്തെ പണിമുടക്ക്, 2018 ഫെബ്രുവരി 23 ലെ സഞ്ചാർ ഭവൻ മാർച്ച്, 2018 ഡിസംബർ 3-ാം തീയതി മുതൽ ആരംഭിച്ച അനിശ്ചിതകാല പണിമുടക്കിനുവേണ്ടി രാജ്യവ്യാപകമായി നടന്ന പ്രചാരണ പ്രവർത്തനങ്ങൾ, 2019 ഫെബ്രുവരി 18 മുതൽ 20 വരെ നടന്ന ത്രിദിന പണിമുടക്ക്, 2019 ഏപ്രിൽ 05 ന് സംഘടിപ്പിക്കപ്പെട്ട വൻ സഞ്ചാർഭവൻ മാർച്ച് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പ്രക്ഷോഭങ്ങൾ നടന്നെങ്കിലും യൂണിയനുകളുടേയും അസ്സോസിയേഷനുകളുടേയും ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അതിന്റെ കാരണം ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കണമെന്ന് സർക്കാരിന് ലവലേശംപോലും താൽപ്പര്യം ഇല്ല എന്നതുതന്നെയാണ്.

കാലാകാലങ്ങളിൽ ഭരണത്തിലിരുന്ന സർക്കാരുകളുടെ സ്വകാര്യ അനുകൂല - ബി.എസ്സ്.എൻ.എൽ. വിരുദ്ധ നയങ്ങളാണ് ഇന്ന് ബി.എസ്സ്.എൻ.എൽ. നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചതെന്ന് നമുക്ക് തറപ്പിച്ചു പറയാൻ സാധിക്കും. ബി. എസ്സ്.എൻ.എല്ലിന്റെ ഇന്നത്തെ പ്രതിസന്ധിയുടെ ശരിയായ കാരണങ്ങൾ മനസ്സിലാക്കണമെങ്കിൽ ബി.എസ്സ്.എൻ.എല്ലിനെ തകർക്കാൻ വേണ്ടി മുൻകാലങ്ങളിൽ കൈക്കൊണ്ട നടപടികൾ നാം മനസ്സിലാക്കണം.

## സ്വകാര്യമേഖലയ്ക്കു ഗുണം

1995 ൽ സ്വകാര്യ കമ്പനികൾക്ക് മൊബൈൽ സേവനങ്ങൾ നടത്തുവാൻ ലൈസൻസ് നൽകി. എന്നാൽ അന്നത്തെ 'സർക്കാർ സേവനദാതാവായ' ഡി.ഒ.ടി. ക്ക് മൊബൈൽ ലൈസൻസ് നൽകിയില്ല. 2000 ഒക്ടോബറിൽ ബി.എസ്സ്.എൻ.എൽ. രൂപീകരിച്ചതിനു

ശേഷം 2002 ഒക്ടോബർ മുതൽ മാത്രമേ അതിന് മൊബൈൽ സേവനങ്ങൾ നൽകാൻ അനുമതി നൽകിയുള്ളൂ. അതായത് സ്വകാര്യ കമ്പനികൾക്ക് സർക്കാർ സേവന ദാതാവിന് മൊബൈൽ ലൈസൻസ് ലഭിക്കുന്നതിന് 7 വർഷം മുമ്പേ തന്നെ ലൈസൻസ് ലഭിച്ചിരുന്നു. സ്വകാര്യ മൊബൈൽ കമ്പനികൾക്കു കമ്പോളം പിടിച്ചെടുക്കുന്നതിന് അവസരം കൊടുക്കുക എന്ന വ്യക്തമായ ഉദ്ദേശത്തോടുകൂടി തന്നെയാണ് ഇതു ചെയ്തതെന്ന് നാം മനസ്സിലാക്കണം. ഈയിടെയായി ലവൽ പ്ലേയിങ് ഫീൽഡിനെക്കുറിച്ച് ഒരുപാട് പറഞ്ഞുകേൾക്കുന്നുണ്ട്. ടെലികോം മേഖലയിൽ ലവൽ പ്ലേയിങ് ഫീൽഡ് നിഷേധത്തിന്റെ ഏറ്റവും വലിയ ബലിയാടാണ് ബി.എസ്സ്.എൻ.എൽ.

## ബി.എസ്സ്.എൻ.എല്ലിന്റെ കഴുത്തിൽ പിടിമുറുക്കുന്നു

2002 ഒക്ടോബറിൽ മാത്രമേ ബി.എസ്സ്.എൻ.എല്ലിന് മൊബൈൽ സേവനങ്ങൾ ആരംഭിക്കാൻ സാധിച്ചുള്ളൂ എങ്കിലും ഞൊടിയിടയിൽ അത്ഭുതകരമായ വളർച്ച കൈവരിക്കാൻ കമ്പനിക്കു കഴിഞ്ഞു. 2004 ഡിസംബർ ആയപ്പോഴേക്കും മൊബൈൽ രംഗത്തെ ബി.എസ്സ്.എൻ.എല്ലിന്റെ വരിക്കാരുടെ എണ്ണം ഏതാണ്ട് എയർടെല്ലിന്റെ വരിക്കാരുടെ എണ്ണത്തിന്റെ ഒപ്പമെത്തി. അപ്പോൾ തുടങ്ങി ബി.എസ്സ്.എൻ.എല്ലിന്റെ മേലുള്ള അടുത്ത ആക്രമണം. 2006 മുതൽ 2012 വരെ ഉപകരണങ്ങൾ വാങ്ങാൻ കമ്പനിയെ അനുവദിച്ചില്ല. ഉപകരണങ്ങൾ സമാഹരിക്കാൻ വേണ്ടി ബി.എസ്.എൻ.എൽ. വിളിച്ച ടെൻഡറുകൾ ഓരോന്നോരോന്നായി റദ്ദു ചെയ്തു. 2007 ജൂലൈയിൽ 45 ദശലക്ഷം ലൈനുകൾക്കുള്ള ടെണ്ടർ റദ്ദു ചെയ്തപ്പോൾ അതിനെതിരെ മുഴുവൻ നോൺ-എക്സിക്യൂട്ടീവ് ജീവനക്കാരും എക്സിക്യൂട്ടീവ് ജീവനക്കാരും ഒറ്റക്കെട്ടായി ഒരു ദിവസത്തെ പണിമുടക്കു നടത്തി. 2010 ൽ ബി.എസ്.എൻ.എല്ലിന്റെ 93 ദശലക്ഷം ലൈനുകൾക്കുള്ള ടെൻണ്ടർ റദ്ദാക്കി. ഇതിനെതിരെ മൂന്നു ദിവസത്തെ പണിമുടക്കു നടന്നു. നമ്മുടെ പ്രക്ഷോഭങ്ങൾ നടന്നെങ്കിലും ബി.എസ്.എൻ.എല്ലിനെ ഉപകരണങ്ങൾ സമ്പാദിക്കാൻ അനുവദിച്ചില്ല. അതുകൊണ്ടു തന്നെ കമ്പനിക്ക് തങ്ങളുടെ ശൃംഖല വികസിപ്പിക്കാനും കഴിഞ്ഞില്ല.

ഇക്കാലയളവിൽ ഘട്ടം ഘട്ടമായി ബി.എസ്.എൻ.എല്ലിനെ എപ്രകാരം ദുർബ്ബലപ്പെടുത്തി എന്നറിയണമെങ്കിൽ 2015 ൽ നമ്മുടെ ആദരണീയനായ കേന്ദ്രവാർത്താവിനമയ - വിവര സാങ്കേതിക വകുപ്പു മന്ത്രിയായ ശ്രീ. രവിശങ്കർ പ്രസാദിന്റെ പ്രസ്താവന തന്നെ യാണ് തെളിവ്. 28.02.2015 ന് സി.എൻ.ബി.സി. - ടി വി 18 എന്ന ചാനലിന് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം പ്രസ്താവിച്ചു; **“2005-2006 ആയപ്പോഴേക്കും ബി.എസ്.എൻ.എല്ലും, എം.ടി.എൻ. എല്ലും ആയിരക്കണക്കിന് കോടി രൂപയുടെ ലാഭമാണ് ഉണ്ടാ ക്കിയത്. വരും വർഷങ്ങളിൽ ഇത്രത്തോളമുള്ള ഒരു ആപത്സ ന്ധിയിലെത്തിച്ചേരാൻ എന്താണ് സംഭവിച്ചത്? അവരുടെ വിക സനം നടക്കാൻ അനുവദിക്കാതിരിക്കുന്നതിന് എല്ലാ ശ്രമങ്ങളും നടന്നു എന്ന കാര്യം ഇന്നെനിക്ക് തുറന്നു പറയാൻ സാധിക്കും.”** ബി.എസ്.എൻ.എല്ലിനെ വളരാൻ അനുവദിക്കാതിരുന്ന കാര്യത്തിൽ ജീവനക്കാർ ഒരു വിധത്തിലും ഉത്തരവാദികളല്ലന്നും സർക്കാർ തന്നെയായിരുന്നു ഇതിനുത്തരവാദിയെന്നും ഇതിൽ കൂടുതൽ എന്തു തെളിവാണ് വേണ്ടത്.

2006 മുതൽ 2012 വരെയുള്ള ഈ കാലഘട്ടത്തിലാണ് നമ്മുടെ രാജ്യത്ത് മൊബൈൽ സേവനരംഗം പല മടങ്ങായി വികസിച്ചത്. എന്നാൽ ഈ വികാസത്തിന്റെ ഗുണഫലങ്ങൾ കവർന്നെടുത്തത് സ്വകാര്യ കമ്പനികളാണ്. ഉപകരണങ്ങൾ വാങ്ങുന്നതിന് കമ്പനി യുടെ മേൽ സർക്കാർ അടിച്ചേൽപ്പിച്ച ഉപരോധം ബി.എസ്.എൻ. എല്ലിനെ നിസ്സഹായാവസ്ഥയിലെത്തിച്ചു.

## വീണ്ടെടുപ്പിലേക്ക്

ഫോറത്തിന്റെ നേതൃത്വത്തിൽ ഉപകരണങ്ങൾക്കുവേണ്ടി നോൺ എക്സിക്യൂട്ടീവുമാരുടെയും എക്സിക്യൂട്ടീവുമാരുടെയും തുടർച്ചയായ പ്രക്ഷോഭങ്ങൾക്ക് ഫലം കണ്ടു. 2013 മുതൽ ബി.സ്സ്. എൻ.എൽ. ഉപകരണങ്ങൾ സമ്പാദിച്ചു തുടങ്ങി. അതിനുശേഷം ബി.സ്സ്.എൻ.എൽ. ശൃംഖലകൾക്ക് ഗണ്യമായ വികസനം ഉണ്ടായി തുടങ്ങി. അതോടൊപ്പം തന്നെ ബി.സ്സ്.എൻ.എൽ. മാനേജ്മെന്റ് പുതുമയേറിയ വിപണന തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പാക്കി. 2015 മേയിൽ “രാത്രി സമയങ്ങളിലെ സൗജന്യകോളു”കളും “സൗജന്യ നിരക്കിൽ അഖിലേന്ത്യാ തലത്തിൽ റോമിങ്ങും” ആരംഭിച്ചു. അതേ സമയം ഈ സേവനങ്ങൾക്ക് ആവശ്യമായ വിധത്തിലുള്ള പരസ്യം

മാധ്യമങ്ങൾ വഴി നൽകാൻ കഴിഞ്ഞില്ല. പണക്കുറവു തന്നെയാ യിരുന്നു തടസ്സം. അതുകൊണ്ട് 2015 ജൂണിൽ യൂണിയനുകളും അസോസിയേഷനുകളും ചേരന്ന് ഒരു മാസം നീണ്ടു നിൽക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾക്കു തുടക്കമിട്ടു. ഒരു മാസക്കാലം മുഴു വൻ ബി.സ്സ്.എൻ.എല്ലിന്റെ പുതിയ സ്കീമുകൾ ജനങ്ങളിലെത്തി ക്കാൻ വേണ്ടി വൻപ്രചാരണം നടത്തി. രാജ്യത്തുടനീളം റോഡ്ഷോ കൾ, മേളകൾ, മിനി മേളകൾ, റീകണക്ഷൻ മേളകൾ മുതലായവ സംഘടിപ്പിച്ചു. ഈ പ്രതിമാസ പരിപാടി വൻ വിജയമായിരുന്നു. അതിന്റെ ഫലമായി മറ്റു സ്വകാര്യ സംരംഭകരെ പുറന്തള്ളിക്കൊണ്ട് 2015 ജൂലൈയിൽ ബി.സ്സ്.എൻ.എല്ലിന് 16 ലക്ഷം മൊബൈൽ കണ ക്ഷനുകൾ നൽകാൻ കഴിഞ്ഞപ്പോൾ എയർടെല്ലിന് കേവലം 11.90 ലക്ഷം കണക്ഷനുകളും ഐഡിയയ്ക്ക് 10.25 ലക്ഷം കണക്ഷനു കളും മാത്രമേ നൽകാൻ കഴിഞ്ഞുള്ളൂ. എന്നാൽ 2015 മേയിൽ നമുക്ക് 8.6 ലക്ഷം കണക്ഷനുകൾ മാത്രമേ നൽകാൻ കഴിഞ്ഞിരു ന്നുള്ളൂ എന്നതും ഇവിടെ ശ്രദ്ധേയമാണ്.

മാനേജുമെന്റിന്റെയും യൂണിയനുകളുടേയും അസ്സോസിയേഷ നുകളുടേയും സംയോജിത ശ്രമങ്ങളിലൂടെ ബി.സ്സ്.എൻ.എല്ലിന്റെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെട്ടു. കമ്പനി സേവനങ്ങളുടെ ഗുണ മേന്മ ഗണ്യമായി മെച്ചപ്പെടുകയും അത് വർദ്ധിച്ച റവന്യൂ വരു മാനം എന്ന നിലയിൽ പ്രതിഫലിക്കുകയും ചെയ്തു. ഓരോ മാസവും ബി.സ്സ്.എൻ.എൽ 20 ലക്ഷത്തിലധികം പുതിയ ഉപഭോ ക്താക്കളെ ചേർത്ത് റവന്യൂ വരുമാനം വർദ്ധിപ്പിച്ചു.

റവന്യൂ 2012-13 വർഷത്തെ 27127.89 കോടിയിൽ നിന്ന് 2015-16 ആയപ്പോഴേക്കും 32918.70 കോടിയായി ഉയർന്നു. അക്കാരണം കൊണ്ടു തന്നെ ബി.എസ്.എൻ.എല്ലിന്റെ നഷ്ടം ഗണ്യമായി കുറഞ്ഞു. 2011-12 ൽ ബി.സ്സ്.എൻ.എല്ലിന്റെ നഷ്ടം 8851 കോടിയാ യിരുന്നു. എന്നാൽ 2015-16 ൽ അത് 3880 കോടിയായി കുറഞ്ഞു.

ഭീമമായ നഷ്ടം വരുത്തുന്ന ഒരു കമ്പനി എന്ന നിലയിൽ നിന്ന് 2014-15 മുതൽ "പ്രവർത്തന ലാഭം" (EBIDTA) ഉള്ള കമ്പനിയായി ബി.സ്സ്.എൻ.എൽ മാറി. 2014-15 ൽ തുടങ്ങുന്ന 3 സാമ്പത്തിക വർഷ

ങ്ങളിലെ പ്രവർത്തന ലാഭത്തിന്റെ വിശദമായ കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| **2014–15** | **672.57 കോടി രൂപ** |
| **2015–16** | **3854.48 കോടി രൂപ** |
| **2016–17** | **684.00 കോടി രൂപ** |

തുടക്കത്തിൽ ഫോറത്തിന്റെ കീഴിലും അതിനുശേഷം എ.യു. എ.ബിയുടെ നേതൃത്വത്തിലും ഭീമമായ പങ്കാണ് ബി.സ്സ്.എൻ. എല്ലിന്റെ ഈ ഉയിർത്തെഴുന്നേൽപ്പിന് നൽകിയത്. തകരാറുകളി ല്ലാതെ ശൃംഖലയെ നിലനിറുത്താനും ഗുണമേന്മയുള്ള ഇടതടവി ല്ലാത്ത സേവനം കാഴ്ചവയ്ക്കാനും ഉത്സാഹഭരിതരായ നോൺ എക്സിക്യൂട്ടീവ് ജീവനക്കാരും എക്സിക്യൂട്ടീവ് ജീവനക്കാരും മുന്നോട്ടു വന്നു. നോൺ എക്സിക്യൂട്ടീവ് ജീവനക്കാരും എക്സി ക്യൂട്ടീവ് ജീവനക്കാരും ചേർന്ന് തുടക്കമിട്ട "പുഞ്ചിരിയോടെ സേവനം ( SWAS)" എന്ന പ്രസ്ഥാനം ജീവനക്കാരെ ഉത്സാഹഭരി തരാക്കുന്നതിൽ വൻ വിജയം നേടി. ഇടറാതെയുള്ള ബി.സ്സ്.എൻ. എല്ലിന്റെ ഈ മുന്നേറ്റം അതിനെ നഷ്ടത്തിൽ നിന്ന് കരകയറാൻ സഹായിച്ചു. എന്നാൽ തുടർന്നു വന്ന സംഭവ വികാസങ്ങൾ ബി.സ്സ്.എൻ.എല്ലിനെ കുഴപ്പത്തിലേക്കു തള്ളിയിട്ടു.

## ജിയോ സുനാമി

2016 സെപ്തംബർ 5 ന് റിലയൻസ് ജിയോ അതിന്റെ വാണിജ്യ പരമായ പ്രവർത്തനങ്ങൾ തുടങ്ങി. ടെലികോം കമ്പോളത്തിൽ റിലയൻസ് ജിയോ സൃഷ്ടിച്ച അലങ്കോലം കാരണം ടെലികോം മേഖലമൊത്തത്തിൽ ഒരു പ്രതിസന്ധിയിലേക്ക് നിലംപതിച്ചു. ടെലികോം ഭീമന്മാരായ എയർടെൽ, വോഡഫോൺ, ഐഡിയ, ബി.എസ്.എൻ.എൽ എന്നിവ നഷ്ടത്തിലാകുകയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടാനും തുടങ്ങി. ചെറിയ ടെലികോം കമ്പനികളായ എയർസെൽ, ടാറ്റ ടെലിസർവ്വീസസ്, അനിൽ അംബാനിയുടെ ഇൻഫോകോം, ടെലിനോർ മുതലായവ ഒന്നുകിൽ അടച്ചു പൂട്ടപ്പെടുകയോ അല്ലെങ്കിൽ വൻകിട കമ്പനികളുമായി ലയിക്കുകയോ ചെയ്തു.

വോഡഫോൺ എന്ന ബഹുരാഷ്ട്ര ഭീമൻ ഇന്ത്യയിൽ ബിസിനസ്സ് നടത്താൻ സാധിക്കാത്തതു കൊണ്ട് കുമാരമംഗലം ബിർളയുടെ ഐഡിയയുമായി ലയിച്ച് വോഡഫോൺ ഐഡിയ ആയി മാറി.

എയർടെല്ലും വോഡഫോൺ ഐഡിയയും അവരുടെ ഉപഭോക്തൃ അടിത്തറയിൽ വൻ ശോഷണം നേരിടുകയാണ്. ദശലക്ഷക്കണക്കിന് ഉപഭോക്താക്കളാണ് ജിയോയിലേക്ക് ചേക്കേറുന്നത്. പഴയ കമ്പനികളിൽ ബി.സ്സ്.എൻ.എൽ. മാത്രമാണ് തങ്ങളുടെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്. 2019 ജൂണിൽപോലും 15 ലക്ഷം ഉപഭോക്താക്കളെ ബി.സ്സ്.എൻ.എൽ. പുതുതായി ചേർത്തു.

കൂടാതെ എയർടെല്ലും വോഡഫോൺ ഐഡിയയും വൻതോതിലുള്ള കടബാധ്യത നേരിടുകയാണ്. വോഡഫോൺ ഐഡിയയുടെ കടം 1.18 ലക്ഷം കോടിയാണ്. എയർടെല്ലിന്റേത് 1.08 ലക്ഷം കോടിയും. റിലയൻസ് ജിയോക്കുപോലും 2.87 ലക്ഷം കോടിയുടെ കടമുണ്ട്. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ബി.സ്സ്.എൻ.എല്ലിന്റെ കടം 20,000 കോടിക്കു താഴെ മാത്രമാണ്. ടെലികോം മേഖലയിലെ മൊത്തം കടം 8 ലക്ഷം കോടിയോളമാണ്. ഈ കടത്തിന്റെ നല്ലൊരു ഭാഗം കിട്ടാക്കട (നിഷ്ക്രിയ ആസ്തി)മായി മാറാനാണു സാധ്യത. അങ്ങനെയാണെങ്കിൽ അത് രാജ്യത്തെ ബാങ്കിംഗ് മേഖലയെ പ്രത്യേകിച്ച് പൊതുമേഖലാ ബാങ്കുകളെ ബാധിക്കും.

ജിയോയുടെ വരവിനു മുമ്പ് ടെലികോം മേഖലയിൽ ഇതായിരുന്നില്ല സ്ഥിതി. വൻതോതിൽ നേരിട്ടുള്ള വിദേശ മൂലധന നിക്ഷേപ (FDI) സാധ്യതയുള്ള തഴച്ചു വളരുന്ന ഒരു മേഖലയായിരുന്നു ടെലികോം. പിന്നെ എങ്ങിനെയാണ് പെട്ടെന്ന് ഇത്തരമൊരു മാറ്റം വരാൻ കാരണം? ജിയോയെപ്പോലെതന്നെ എയർടെല്ലും വോഡഫോണും അത്യാധുനിക സാങ്കേതിക വിദ്യ കൈവശമുള്ളവരാണ്. കാര്യങ്ങൾ ഇങ്ങനെയിരിക്കെ; ജിയോക്ക് എങ്ങനെയാണ് ഇത്ര നിർണ്ണായകമായി പഴയ ടെലികോം കമ്പനികളെ തോൽപ്പിക്കാൻ കഴിഞ്ഞത്, അതും ഇത്ര ചെറിയ കാലയളവിൽ. ഈ ചോദ്യങ്ങളുടെ ഉത്തരം റിലയൻസ് ജിയോക്കു വേണ്ടി ട്രായ് നടത്തിയ കൗശല പ്രയോഗത്തിലാണുള്ളത്.

## ജിയോയുടെ ഇരപിടിയൻ വില നിർണ്ണയം

ജിയോ തങ്ങളുടെ സേവനം തുടങ്ങിയ അതേ ദിവസത്തെ പ്രമുഖ ദിനപ്പത്രങ്ങളുടെ ഒന്നാം പേജ് പരസ്യത്തിൽ രാജ്യത്തെ ജനങ്ങളെല്ലാം റിലയൻസ് ജിയോയുടെ സേവനങ്ങൾ എടുക്കണ മെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള ആദരണീയനായ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള ബി.എസ്.എൻ.എല്ലിനുപോലും ഒരു കാലത്തും ഏതെങ്കിലും ഒരു പ്രധാനമന്ത്രിയുടെ രക്ഷാധികാരം ലഭിച്ചിരുന്നില്ല. ജിയോ സർക്കാരിനോട് അടുപ്പമുള്ള കമ്പനിയാണെന്ന് ഈ പരസ്യം തന്നെ വെളിവാക്കുന്നു.

ഉദ്ഘാടന ദിവസം മുതൽക്കു തന്നെ ജിയോ ഇരപിടിയൻ വില നിർണ്ണയരീതി സ്വീകരിച്ചു തുടങ്ങി. ആദ്യം 'വെൽക്കം ഓഫർ' എന്ന നിലയിൽ സൗജന്യമായി ഫോൺ വിളികൾ; ടെക്സ്റ്റ്, ഡാറ്റാ എന്നിവ നൽകി തുടങ്ങി. ട്രായ് (ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ)യുടെ ഉത്തരവനുസരിച്ച് 'പ്രമോഷണൽ ഓഫർ' എന്ന നിലയിൽ മാത്രമേ അത്തരം സൗജന്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ. അതുപോലെ അത്തരം ഓഫറുകൾ 90 ദിവസത്തേക്കു മാത്രമേ നൽകാവൂ എന്നും നിബന്ധനയുണ്ട്. എന്നാൽ ജിയോ ചെയ്തത് എന്താണ്? 90 ദിവസം പരിധി കഴിഞ്ഞ് 'പുതുവർഷ ഓഫർ' എന്ന് പേരുമാറ്റി പഴയ ഓഫർ തുടർന്നു. നമ്മുടെ കമ്പനികളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനാണ് ഇങ്ങനെ ചെയ്തത്. ഇത് 'റാഞ്ചൽ വില നിർണ്ണയം' അല്ലാതെ മറ്റെന്താണ്. ജിയോയുടെ അന്തിമലക്ഷ്യം എതിരാളികളെ മുഴുവനും ഉന്മൂലനം ചെയ്ത് ടെലികോം മേഖല ഒറ്റയ്ക്കു കയ്യടക്കി അതിനെ കൊള്ളയടിക്കുകയാണ്.

എന്താണ് ഇരപിടിയൻ വിലനിർണ്ണയ (Predatory pricing) രീതി? ലളിതമായി പറഞ്ഞാൽ മത്സരം ഉന്മൂലനം ചെയ്യണം എന്ന ലക്ഷ്യത്തോടെ ഒരു ഉത്പന്നമോ സേവനമോ ഉത്പ്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതാണ് ഇരപിടിയൻ വിലനിർണ്ണയം. 2003 മേയിൽ ട്രായ് ഇറക്കിയ ഉത്തരവിതാണ്.

**“ഒരു ടെലികോം കമ്പനി തങ്ങളുടെ സേവനങ്ങളിലൂടെ ഇന്റർകണക്റ്റ് യൂസേജ് ചാർജ്ജും (ഐ.യു.സി.) ചെലവുകളും വീണ്ടെടുക്കുകയാണെങ്കിൽ അതിനെ ഇരപിടിയൻ വില നിർണ്ണയമായി കണക്കാക്കാനാകില്ല.”**

ട്രായ്‌യുടെ ഈ നിർവചനമനുസരിച്ച് ഇത്തരം വില നിർണ്ണയ രീതി കുറ്റകരമാണ്. കാരണം അത് ചെലവിനേക്കാൾ കുറവായ വിലയ്ക്ക് മാത്രമല്ല ഏതാണ്ട് മുഴുവൻ സൗജന്യമായിപ്പോലും സേവനം കൊടുത്തു. ട്രായിക്ക് വേണമെങ്കിൽ ജിയോയുടെ കാര്യത്തിൽ ഇടപെട്ട് ശിക്ഷണ നടപടികൾ സ്വീകരിക്കാമായിരുന്നു. എന്നാൽ ട്രായ് ആകട്ടെ; ജിയോയെ പിൻവാതിലിലൂടെ സഹായിക്കുകയായിരുന്നു.

അതേസമയം ഉദ്യോഗസ്ഥ മേധാവികളിൽ ഒരാൾ മാത്രമേ ജിയോയെ നിലയ്ക്കു നിർത്താൻ സാധിക്കാത്തതിൽ ട്രായിയെ കുറ്റപ്പെടുത്തിയുള്ളൂ. അത് ടെലികോം സെക്രട്ടറി ജെ.എസ്. ദീപക് ആയിരുന്നു. എല്ലാ ടെലികോം കമ്പനികളും അവരവരുടെ റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ടെലികോം ലൈസൻസ് ഫീ ആയും സ്പെക്ട്രം ചാർജ്ജായും സർക്കാരിനു നൽകുന്നുണ്ട്. ടെലികോം കമ്പനികളുടെ റവന്യൂ വരുമാനം കുത്തനെ ഇടിഞ്ഞപ്പോൾ സ്വാഭാവികമായും ലൈസൻസ് ഫീ ഇനത്തിലും സ്പെക്ട്രം ചാർജ്ജ് ഇനത്തിലും സർക്കാരിന് നൽകേണ്ട തുകയിൽ കുറവു വന്നു. ജെ.എസ്. ദീപക് ഈ പ്രശ്നം ട്രായിയുമായി ചർച്ച ചെയ്തു. 2017 ഫെബ്രുവരി 23 ന് ട്രായ് ചെയർമാൻ ആർ.എസ്.ശർമ്മയ്ക്കയച്ച കത്തിൽ 2016 ഒക്ടോബർ മുതൽ ഡിസംബർ വരെ ലൈസൻസ് ഫീ ഇനത്തിൽ 790 കോടി രൂപ സർക്കാരിന് നഷ്ടമുണ്ടായ കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. റിലയൻസ് ജിയോയുടെ ഇരപിടിയൻ വിലനിർണ്ണയം തടയുന്നതിന് ഉടൻ നടപടിയെടുക്കണമെന്ന് അദ്ദേഹം ട്രായിയോട് അഭ്യർത്ഥിച്ചു.

ഈ സ്ഥിതി അനിയന്ത്രിതമായി മുന്നോട്ടു പോയാൽ ടെലികോം കമ്പനികൾക്ക് അവർ വാങ്ങിയ സ്പെക്ട്രത്തിന്റെ വിലയായ 3.08 ലക്ഷം കോടി രൂപ സർക്കാരിനു നൽകാൻ കഴിയാത്ത

അവസ്ഥ വരും. കഷ്ടം! ട്രായിയെ ചോദ്യം ചെയ്യാനെടുത്ത തന്റേടത്തിന്റെ വില ജെ.എസ്. ദീപക്കിന് നൽകേണ്ടി വന്നു. 2017 മാർച്ച് 1 ന് അദ്ദേഹത്തെ ടെലികോം സെക്രട്ടറി സ്ഥാനത്തു നിന്നു നീക്കി വാണിജ്യ വകുപ്പിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഒ.എസ്.ഡി) ആയി ഒതുക്കി. റിലയൻസ് ജിയോക്ക് ഏതെങ്കിലും തരത്തിൽ തടസ്സം നിൽക്കാൻ തന്റേടം കാണിച്ചാൽ എന്തു സംഭവിക്കുമെന്ന് മോഡി സർക്കാർ രാജ്യത്തിനു കാണിച്ചു കൊടുത്തു. അതോടൊപ്പം ടെലികോം കമ്പനികൾ സർക്കാരിന് ലൈസൻസ് ഫീ ഇനത്തിലും സ്പെക്ട്രം ചാർജ്ജിനത്തിലും നൽകിക്കൊണ്ടിരുന്ന തുകയിലുണ്ടായ ഇടിവ് കാരണം ഖജനാവിന് ആയിരക്കണക്കിന് കോടി രൂപയാണ് നഷ്ടമായത്.

## ജിയോക്ക് ട്രായ്‌യുടെ സഹായഹസ്തം

ജെ.എസ്സ്. ദീപക്കിനെ ടെലികോം വകുപ്പിന് പുറത്തേക്ക് തള്ളി ഒതുക്കിയതിനുശേഷവും ട്രായ് ജിയോയുടെ ഇരപിടിയൻ വിലനിർണ്ണയ രീതിയെ സഹായിക്കുന്നതായി പല കോണുകളിൽനിന്നും ആരോപണമുയർന്നു. ഈ ആരോപണങ്ങൾക്കു തടയിടാനായി 16-02-2018 ന് 'ഇരപിടിയൻ വിലനിർണ്ണയ'ത്തിന് പുതിയൊരു നിർവ്വചനവുമായി ട്രായ് പുറത്തുവന്നു. അതനുസരിച്ച് ഉപഭോക്താക്കളുടെ എണ്ണമനുസരിച്ചോ റവന്യൂ അനുസരിച്ചോ 30% വിപണി പങ്കാളിത്തമുണ്ടെങ്കിൽ ആ കമ്പനിയെ എസ്സ്.എം.പി. (Significant Market Power - പ്രാമുഖ്യമുള്ള കമ്പോള ശക്തി) ആയി കണക്കാക്കും. ഒരു എസ്സ്.എം.പിക്കു മാത്രമേ ഇരപിടിയൻ വില നിർണ്ണയം നടത്താൻ തടസ്സമുള്ളൂ എന്നാണ് ട്രായ് പറഞ്ഞത്. അതിന്റെ അർത്ഥം എസ്സ്.എം.പി. അല്ലാത്ത ഒരു കമ്പനി ചെലവിനു താഴെയുള്ള നിരക്കിൽ സേവനങ്ങൾ നൽകിയാൽ അത് ഇരപിടിയൻ വില നിർണ്ണയ രീതിയായി കണക്കാക്കാനാകില്ല. ജിയോ വിപണി പങ്കാളിത്തം 2018 ഓഗസ്റ്റിൽ 20% എത്തി നിൽക്കുന്നതേ ഉള്ളൂ എന്ന വസ്തുത നാം ഇവിടെ ഓർക്കേണ്ടതുണ്ട്. അതായത് 16-02-2018 ൽ ഇറക്കിയ ഉത്തരവ് ജിയോയ്ക്കനുകൂലമായ നാണംകെട്ട കൗശല പ്രയോഗമല്ലാതെ മറ്റൊന്നുമല്ല.

എന്നാൽ ട്രായ്‌യുടെ മേൽപ്പറഞ്ഞ ഉത്തരവ് ടി ഡി സാറ്റ് (Telecom Disputes Settlement and Appellate Tribunal) ചോദ്യം ചെയ്തിരുന്നു. ടി ഡി സാറ്റ് അതിന്റെ 13-12-2018 ൽ ഇറക്കിയ ഉത്തരവിലൂടെ ഇരപിടിയൻ വിലനിർണ്ണയ രീതിയെ സംബന്ധിച്ച ട്രായ്‌യുടെ പുതിയ നിർവ്വചനം അസാധുവാക്കി. താഴെപ്പറയുന്ന ഉത്തരവിലൂടെ ടി.ഡി. സാറ്റ് ട്രായ്‌യെ പരിഹസിക്കുകയും ചെയ്തു.

**"ഇരപിടിയൻ വിലനിർണ്ണയ രീതിയിലൂടെ മേഖലയെ അസ്ഥിരപ്പെടുത്താൻ കഴിവും ഉദ്ദേശവും ഉള്ള ഒരു ടെലികോം കമ്പനിക്ക് (ജിയോയെന്ന് മനസ്സിലാക്കുക) ട്രായ്‌യുടെ പുതിയ നിർവ്വചനം വഴി കൃത്രിമ സംരക്ഷണം നൽകിയിരിക്കുന്നു."**

ടി ഡി സാറ്റിന്റെ ഈ വിധി ട്രായ്‌യുടെ പൊയ്മുഖം എടുത്തു മാറ്റി അതിന്റെ യഥാർത്ഥ മുഖം രാജ്യത്തിനു മുമ്പിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇരപിടിയൻ വിലനിർണ്ണയ രീതി അവലംബിക്കാൻ ജിയോക്ക് അനുമതി നൽകിയത് ജിയോയെ സഹായിക്കാൻ ട്രായ് കൈക്കൊണ്ട കൗശല പ്രയോഗങ്ങളിൽ ഒന്നു മാത്രമാണ്.

ജിയോക്ക് അനർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് ട്രായ് നടത്തിയ മറ്റൊരു കൗശല പ്രയോഗം ഇന്റർ കണക്ട് യൂസേജ് ചാർജിൽ (ഐ.യു.സി.) നൽകിയ ഇളവുകളാണ്. ഐ യു സി എന്നത് ഒരു കോൾ ഒരു ടെലികോം കമ്പനിയുടെ ശൃംഖലയിൽ നിന്ന് മറ്റൊരു ടെലികോം കമ്പനിയുടെ ശൃംഖലയിലേക്ക് ലാന്റു ചെയ്യുമ്പോൾ ആദ്യത്തെ കമ്പനി രണ്ടാമത്തെ കമ്പനിക്കു നൽകുന്ന ഫീ ആണ്. മിനിറ്റ് അടിസ്ഥാനത്തിലാണ് ഈ ചാർജ് ഈടാക്കി വരുന്നത്. 2017 ഡിസംബറിൽ ജിയോക്ക് 160 ദശലക്ഷം വരിക്കാരുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും അവരുടെ ശൃംഖലയിൽ നിന്ന് കൂടുതൽ കോളുകൾ അവരുടെ എതിരാളികളുടെ ശൃംഖലകളിലേക്കാണ് പോകുന്നത്. അതുകൊണ്ട് മറ്റു ടെലികോം കമ്പനികൾക്കു കൂടുതൽ ഐ യു സിയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. റിലയൻസ് ജിയോയെ സഹായിക്കുന്നതിനായി ട്രായ്‌ം 2017 ഒക്ടോബർ 1 മുതൽ ഐ യു സിയിൽ 57% കുറവു വരുത്തി. ഈ ഐ യു സി വെട്ടിക്കുറയ്ക്കലിന്റെ ഫലമായി റിലയൻസ് ജിയോക്ക് വലിയ പ്രയോജനമാണുണ്ടായത്. യഥാർത്ഥത്തിൽ, ട്രായ് കൈക്കൊണ്ട ഈ നടപടി, ആരംഭിച്ച് 15 മാസങ്ങൾക്കുശേഷം കട

ത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജിയോയെ ലാഭമുണ്ടാക്കുന്ന ഒരു കമ്പനിയായി മാറാൻ സഹായിച്ചു. ഉദാഹരണത്തിന്, 2017 ജൂലൈ മുതൽ സെപ്തംബർ വരെയുള്ള പാദവർഷത്തിൽ 2140 കോടി രൂപ ഐ യു സി ഇനത്തിൽ മറ്റു കമ്പനികൾക്ക് കൊടുത്തു. എന്നാൽ 2017 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള പാദവർഷത്തിൽ 1082 കോടി രൂപയേ ഐ യു സി ഇനത്തിൽ നൽകിയുള്ളൂ. അതായത് ജിയോക്ക് ഐ യു സി ഇനത്തിലുള്ള സാമ്പത്തികഭാരം 50% കുറഞ്ഞു. തത്ഫലമായി 2017 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള പാദവർഷത്തിൽ ആദ്യമായി 504 കോടി രൂപ അറ്റ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. 2017 ജൂലൈ മുതൽ സെപ്തംബർ വരെ ജിയോ 271 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയിരുന്നു എന്ന വസ്തുത നാമോർക്കണം. അതുമാത്രമല്ല ഐ യു സിയിൽ ട്രായ് കുറവു വരുത്തിയതിനാൽ പഴയ കമ്പനികൾ അതായത് എയർടെൽ, വോഡഫോൺ, ഐഡിയ, ബി.എസ്സ്.എൻ.എൽ. എന്നിവയ്ക്ക് അവരുടെ റെവന്യൂവിൽ ഇടിവാണുണ്ടായത്. 2017 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള പാദവർഷത്തിൽ ഐ യു സി കുറവു ചെയ്തതു കാരണം എയർടെല്ലിന്റെ ലാഭം 39% ഇടിഞ്ഞു എന്നതും ഇവിടെ ശ്രദ്ധിക്കേണ്ടതാണ്.

ട്രായ് സ്വീകരിച്ച അധാർമ്മികമായ നടപടികൾമൂലം ടെലികോം മേഖല പിടിച്ചടക്കാൻ വൻ സഹായമാണ് മുകേഷ് അംബാനിക്ക് ലഭിച്ചത്. ഈ പ്രക്രിയയിൽ ടെലികോം മേഖല ഒരു പ്രതിസന്ധിയിലേക്കു വീണു. ആയിരക്കണക്കിനു കോടി രൂപ ഖജനാവിന് വരുമാന നഷ്ടമുണ്ടാകുകയും ചെയ്തു.

## ദേശസേവനത്തിന്

ബി.എസ്സ്.എൻ.എല്ലിനെ സ്വകാര്യവത്ക്കരിക്കണമെന്ന് കോർപ്പറേറ്റ് മാധ്യമങ്ങൾ ഉറക്കെ വിളിച്ചുപറയുന്നു. ഇത് കോർപ്പറേറ്റുകളുടെ ആവശ്യമാണ്. പ്രകൃതി ദുരന്തങ്ങളുടെ പ്രഹരം ഉണ്ടാകുമ്പോഴെല്ലാം ജനങ്ങളുടെ രക്ഷയ്ക്കെത്തുന്നത് ബി.എസ്സ്.എൻ.എൽ. മാത്രമാണെന്ന് ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. ചെന്നെയിലും ശ്രീനഗറിലും വെള്ളപ്പൊക്കമുണ്ടായപ്പോഴും ഒഡീഷയിലും ആന്ധ്രയുടെ തീരത്തും ചുഴലിക്കാറ്റുണ്ടായപ്പോഴും ബി.എസ്സ്.എൻ.എൽ. മാത്രമാണ് സേവനവുമായി രംഗത്തുണ്ടായിരുന്നത്. അത്തരം

അടിയന്തര ഘട്ടങ്ങളിൽ സ്വകാര്യസേവനദായകർ അവരുടെ സേവനങ്ങൾ അടച്ചുപൂട്ടുകയായിരുന്നു.

ടെലികോം രംഗത്തെ 'ശരിയായ നിയന്ത്രകൻ' ബി.എസ്സ്.എൻ. എൽ. മാത്രമാണ്. ബി.എസ്സ്.എൻ.എൽ. ഇല്ലായിരുന്നുവെങ്കിൽ സ്വകാര്യ കമ്പനികളെല്ലാം ചേർന്ന് ഒരു കാർട്ടൽ രൂപീകരിക്കുകയും കോൾ, ഡാറ്റ, മറ്റു ചാർജ്ജുകൾ എന്നിവ ഭീമമായി വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ കൊള്ളയടിക്കുമായിരുന്നു. ടെലികോം വ്യവസായത്തിൽ അത്തരം കാർട്ടൽ രൂപീകരണം തടഞ്ഞത് ബി.എസ്സ്.എൻ. എൽ. മാത്രമാണ്. അതുകൊണ്ടുതന്നെ ബി.എസ്സ്.എൻ.എൽ. പ്രകമ്പിതമായ ഒരു പൊതുമേഖലാ ടെലികോം കമ്പനിയായി തുടരേണ്ടതുണ്ട്.

## ബി.എസ്സ്.എൻ.എൽ. ഒരു മുങ്ങുന്ന കപ്പലല്ല

ബി.എസ്സ്.എൻ.എൽ. ഒരു മുങ്ങുന്ന കപ്പലല്ല എന്നു പറയാൻ ഞങ്ങളാഗ്രഹിക്കുന്നു. കമ്പനി ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി റിലയൻസ് ജിയോ അഴിച്ചുവിട്ട ഹീനമായ താരിഫ് യുദ്ധത്തിന്റെ ഫലമായി ബി.എസ്സ്.എൻ.എല്ലിന്റെ റവന്യൂവിൽ വന്ന കുത്തനെയുള്ള ഇടിവു കാരണമാണ്. മറ്റു സ്വകാര്യ കമ്പനികളുമായി താരതമ്യപ്പെടുത്തുമ്പോൾ ബി.എസ്സ്.എൻ.എല്ലിന് ശക്തമായ സാമ്പത്തിക അടിത്തറയുണ്ട്.

ഉദാഹരണത്തിന് ബി.എസ്സ്.എൻ.എല്ലിന്റെ കടക്കുടിശ്ശിക 20000 കോടി രൂപയിൽ കുറവാണ്. വോഡാഫോൺ ഐഡിയയുടേത് 118000 കോടിയും എയർടെല്ലിന്റേത് 108000 കോടി രൂപയുമാണ്. റിലയൻസ് ജിയോക്കാകട്ടെ 2.87 ലക്ഷം കോടിയുടെ ഭീമമായ കടമാണുള്ളത്. ബി.എസ്സ്.എൻ.എല്ലിന് 7.5 ലക്ഷം റൂട്ട് കിലോമീറ്ററിന്റെ ഓപ്റ്റിക് ഫൈബർ ശൃംഖല (ഒ എഫ് സി)യുണ്ട്. റിലയൻസ് ജിയോക്കാകട്ടെ 3.2 ലക്ഷം റൂട്ട് കിലോമീറ്റർ ഒ.എഫ്.സിയാണുള്ളത്. എയർടെല്ലിന് 2.50 ലക്ഷം റൂട്ട് കിലോമീറ്ററും വോഡഫോൺ ഐഡിയയ്ക്ക് വെറും 1.60 ലക്ഷം റൂട്ട് കിലോമീറ്റർ ഒ.എഫ്.സി. ശൃംഖലയുമാണുള്ളത്. രാജ്യത്തുടനീളം ബി.എസ്സ്.എൻ.എല്ലിന് 1 ലക്ഷം കോടി രൂപ വിലമതിക്കുന്ന ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുണ്ട്. മറ്റൊരു കമ്പനിക്കും ഇത്രയും ഭീമമായ ആസ്തിയില്ല.

സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിലും ബി.എസ്സ്.എൻ.എൽ. തുടർച്ചയായി അതിന്റെ ഉപഭോക്തൃ അടിത്തറ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2019 ജൂണിൽപോലും കമ്പനി 15 ലക്ഷം മൊബൈൽ ഉപഭോക്താക്കളെ പുതുതായി ചേർത്തു. ഇതേ മാസം തന്നെ എയർടെല്ലിനും വോഡഫോൺ ഐഡിയയ്ക്കും ലക്ഷക്കണക്കിന് ഉപഭോക്താക്കളെ നഷ്ടമാക്കുകയും ചെയ്തു. ട്രായ് റിപ്പോർട്ടനുസരിച്ച് 2018 ഡിസംബറിൽ മാത്രം എയർടെല്ലിന് 5.7 കോടി ഉപഭോക്താക്കളെയാണ് നഷ്ടമായത്.

## റിലയൻസ് ജിയോയുടെ കള്ളക്കണക്കുകൾ

ഇത്രയും ശക്തമായിട്ടുപോലും പണപ്രവാഹത്തിന്റെ കാര്യത്തിൽ ബി.എസ്സ്.എൻ.എല്ലിന് രൂക്ഷമായ കുറവാണ് അനുഭവപ്പെടുന്നത്. കമ്പനിയുടെ റവന്യൂ വരുമാനത്തിലുള്ള കുത്തനെയുണ്ടായ ഇടിവാണ് ഇതിനു കാരണം. ബി.എസ്സ്.എൻ.എല്ലിന്റെ റവന്യൂ 2016-17 ലെ 31533 കോടിയിൽ നിന്നും 2018-19 ആയപ്പോഴേക്കും 18865 കോടിയായി താഴ്ന്ന കാര്യം നേരത്തേ പ്രസ്താവിച്ചല്ലോ. റിലയൻസ് ജിയോ അനുവർത്തിച്ച ഇരപിടിയൻ വിലനിർണ്ണയം ഒന്നുകൊണ്ടു മാത്രമാണ് ഇങ്ങനെ സംഭവിച്ചത്. റവന്യൂ വരുമാനത്തിൽ കുത്തനെയുള്ള ഇടിവ് ബി.എസ്സ്.എൻ.എല്ലിന്റെ മാത്രം കാര്യമല്ല. മറ്റു ടെലികോം കമ്പനികളായ എയർടെല്ലും വോഡഫോൺ ഐഡിയയും ഇതേതരത്തിലുള്ള ഇടിവ് നേരിടുന്നുണ്ട്. അമേരിക്കൻ ഗവേഷണ - ബ്രോക്കറേജ് സ്ഥാപനമായ ബെൺസ്റ്റെയിൻ (Bernstein) റിപ്പോർട്ട് ചെയ്തത് റിലയൻസ് ജിയോ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കാണിക്കാൻ അവർ കണക്കിൽ കൃത്രിമം കാണിക്കുന്നു എന്നാണ്. 2017-18 സാമ്പത്തിക വർഷത്തിന്റെ ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള പാദത്തിൽ റിലയൻസ് ജിയോയ്ക്ക് 3800 കോടി രൂപയുടെ നഷ്ടവുമുണ്ടായി എന്ന് 27-07-2018 ലെ ബിസിനസ്സ് സ്റ്റാന്റേർഡിൽ പ്രസിദ്ധീകരിച്ച ബെൺസ്റ്റെയിൻ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ കണക്കിൽ കൃത്രിമം കാട്ടി മുൻപറഞ്ഞ പാദവർഷത്തിൽ 831 കോടി രൂപയുടെ അറ്റ ലാഭമുണ്ടാക്കിയെന്നാണ് റിലയൻസ് ജിയോ അവകാശപ്പെടുന്നത്. അതായത് റിലയൻസ് ജിയോയുടെ കണക്കുപുസ്തകത്തിൽ പറയുന്ന കാര്യങ്ങളൊന്നും വിശ്വാസയോഗ്യമല്ല. ബി.എസ്സ്.എൻ.

എൽ. മാത്രമാണ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് എന്നു പറയുന്നതും അർത്ഥശൂന്യമാണ്.

## ബി.എസ്സ്.എൻ.എല്ലിനാവശ്യം ഹ്രസ്വകാല ദീർഘകാല മൂലധന നിക്ഷേപം

ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക അടിത്തറ ശക്തമാണ്. കമ്പനിക്കിപ്പോൾ ആവശ്യം ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘ കാലാടിസ്ഥാനത്തിലും ഉള്ള ധന നിക്ഷേപം മാത്രമാണെന്ന് സംശ യലേശമെന്യേ തെളിയിക്കപ്പെട്ടതാണ്. 100% സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണ് ബി.എസ്സ്.എൻ.എൽ. കമ്പ നിയുടെ ഉടമ എന്ന നിലയിൽ, ബി.എസ്സ്.എൻ.എല്ലിന്റെ ഹ്രസ്വകാല- ദീർഘകാല മൂലധനാവശ്യങ്ങൾ നിറവേറ്റണ്ടത് സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമാണ്. ബി.എസ്സ്.എൻ.എൽ. ഇന്നു നേരിടുന്ന പ്രതിസന്ധിയിലേക്ക് വഴിതെളിച്ചത് കാലാകാലങ്ങളായി സർക്കാ രുകൾ അനുവർത്തിച്ചുവന്ന സ്വകാര്യമേഖലാനുകൂല- ബി.എസ്സ്. എൻ.എൽ. വിരുദ്ധ നടപടികളാണ്. കഴിഞ്ഞ പതിനെട്ടര വർഷ ക്കാലത്തെ നിലനിൽപ്പിനിടയിൽ നികുതിദായകന്റെ പണത്തിൽ നിന്ന് ഒരു നയാപൈസ പോലും ബി.എസ്സ്.എൻ.എല്ലിന് സഹായ കമായി ലഭിച്ചിട്ടില്ല.

2000 ൽ ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് എന്ന കമ്പനിയുടെ രൂപീകരണം സാധ്യമാക്കാൻവേണ്ടി അന്നത്തെ വാർത്താവിനിമയ വകുപ്പുമന്ത്രിയായ ശ്രീ. രാംവിലാസ് പാസ്വാന്റെ അധ്യക്ഷതയിൽ ഒരു 'മന്ത്രിമാരുടെ ഗ്രൂപ്പ്' (ജി.ഒ.എം.) രൂപീകരിച്ചിരുന്നു. ജി.ഒ.എം. അന്നെടുത്ത പ്രധാന തീരുമാനങ്ങളിൽ ഒന്ന് ബി.എസ്സ്.എൻ. എല്ലിന്റെ ജീവനക്ഷമത (Viability) സർക്കാർ സംരക്ഷിക്കും എന്ന താണ്. 01-09-2000 ന് സർക്കാർ ഇറക്കിയ പത്രക്കുറിപ്പിലൂടെ ഇതിന്റെ അറിയിപ്പ് വന്നിട്ടുണ്ട്. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ച പത്രക്കുറിപ്പിൽ ഇങ്ങനെ പറയുന്നു.

**"ബി.എസ്സ്.എൻ.എല്ലിന്റെ ജീവനക്ഷമത ഉറപ്പുവരുത്തണമെന്ന ഫെഡറേഷനുകളുടെ ഉത്ക്കണ്ഠ ജി.ഒ.എം. പൂർണ്ണമായി കണ ക്കിലെടുക്കുന്നു. ദേശീയ ടെലികോം നയം - 1999 നടപ്പിലാ ക്കുന്നതിനുവേണ്ടിയുള്ള സർക്കാരിന്റെ നിർദ്ദേശക തത്വങ്ങള**

**നുസരിച്ച് ഗ്രാമീണ ടെലിഫോൺ സേവനം അല്ലെങ്കിൽ അതു പോലെയുള്ള ലാഭകരമല്ലാത്ത ബാധ്യതകൾ ഏറ്റെടുത്തു നടത്തുമ്പോൾ ഉണ്ടാകുന്ന ഭാരത് സഞ്ചാർ നിഗമിന്റെ നഷ്ടം പൂർണ്ണമായി പരിഹരിക്കും. രാജ്യത്ത് വാർത്താവിനിമയ ശൃംഖ ലയുടെ വ്യാപനം എന്ന സാമൂഹ്യ ലക്ഷ്യം നടപ്പാക്കുന്നതിന് ഇത് (ബി.എസ്സ്.എൻ.എൽ.) സർക്കാരിന്റെ കൈയ്യിലെ ശക്ത മായ ഒരുപകരണമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഭാരത് സഞ്ചാർ നിഗമിനെ എല്ലായ്പ്പോഴും ശക്തവും ആരോഗ്യപൂർണ്ണ വുമായി നിലനിൽക്കണം എന്നതുകൊണ്ട് ഒരു കാരണവശാലും ഈ കമ്പനി ജീവനക്ഷമമല്ലാത്തതാകാൻ സമ്മതിക്കില്ല എന്നും ഈ ജി.ഒ.എം. തീരുമാനിക്കുന്നു."**

ഇന്ത്യാ ഗവൺമെന്റിന്റെ 'മന്ത്രിമാരുടെ ഗ്രൂപ്പ്' നൽകിയിരുന്ന ഈ ഉറപ്പ് പാലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

## മൂലധന നിക്ഷേപവും മൃദുവായ്പയും

2018-19, 2019-20 എന്നീ രണ്ടു സാമ്പത്തിക വർഷങ്ങളിൽ ഇന്ത്യാ ഗവൺമെന്റ് പൊതുമേഖലാ ബാങ്കിങ് മേഖലയിൽ വൻതുകയായ 2.69 ലക്ഷം കോടി രൂപ മൂലധന നിവേശം (Capital infusion) നടത്തി യെന്ന് 2019 ജൂലൈ 17-ാം തീയതിയിലെ ടൈംസ് ഓഫ് ഇന്ത്യ പത്രം റിപ്പോർട്ടു ചെയ്യുന്നു. കിട്ടാക്കടങ്ങളിൽ നിന്നു പൊതുമേ ഖലാ ബാങ്കുകളെ രക്ഷപ്പെടുത്താനാണ് ഈ പണം ഇറക്കിയത്. വൻ കോർപ്പറേറ്റുകൾ എടുത്ത കടം തിരിച്ചടയ്ക്കാത്തതുകൊ ണ്ടാണ് കിട്ടാക്കടങ്ങൾ ഇത്രയും പെരുകിയതെന്ന് നാം ഇവിടെ ഓർമ്മിക്കണം. ഇപ്രകാരം മൂലധന സനിവേശം നടത്തിയില്ലെങ്കിൽ വൻ കോർപ്പറേറ്റുകൾക്ക് പുതിയ ലോണുകൾ നൽകുന്നതിന് ബാങ്കുകൾക്കു കഴിയാതെ വരും. ചുരുക്കിപ്പറഞ്ഞാൽ വൻ കോർപ്പ റേറ്റുകൾ പൊതുമേഖലാ ബാങ്കുകളിൽ നിന്ന് കടമെടുക്കുകയും അവ തിരിച്ചടയ്ക്കാതെ വഞ്ചിക്കുകയും ചെയ്യുന്നു. അവസാനം ബാങ്കുകൾ ഈ കടങ്ങൾ എഴുതിത്തള്ളുന്നു. വൻ കോർപ്പറേറ്റു കൾക്ക് പുതിയ ലോണുകൾ ലഭിക്കുന്നു എന്നുറപ്പുവരുത്താൻ സർക്കാർ ബാങ്കുകളിലേക്ക് മൂലധന സനിവേശം നടത്തുന്നു. പൊതുമുതൽ കൊള്ളയടിക്കാനുള്ള വൻ കോർപ്പറേറ്റുകളുടെ പുതുമയാർന്ന രീതിയാണ് ഇത്.

നമ്മുടെ ചോദ്യം ഇതാണ്: പൊതുമേഖലാ ബാങ്കുകൾക്കു വേണ്ടി 2.69 ലക്ഷം കോടി രൂപ നിവേശിപ്പിക്കാമെങ്കിൽ ബി.എസ്സ്. എൻ.എല്ലിന്റെ ഹ്രസ്വകാല-ദീർഘകാല മൂലധനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി എന്തുകൊണ്ട് മൂലധനനിവേശം നടത്തിക്കൂടാ?

അതുപോലെ ഇന്ത്യാ ഗവൺമെന്റ് 28 ശതകോടി യു.എസ്. ഡോളർ (1,96,000 കോടി രൂപക്കു തുല്യം) 63 രാജ്യങ്ങൾക്ക് മൃദു വായ്പയായി നൽകിയെന്ന് 2019 ജൂലൈ 1 ലെ ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ടു ചെയ്തു. ഈ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം മെച്ചപ്പെടുത്താനാണ് ഈ വായ്പ നൽകിയത്.

2015 ഏപ്രിൽ 21, 22 എന്നീ തീയതികളിൽ നടത്തിയ രണ്ടു ദിവസത്തെ പണിമുടക്കിൽ ഫോറം മുന്നോട്ടുവച്ച ആവശ്യം ബി. എസ്സ്.എൻ.എല്ലിന് അതിന്റെ ശൃംഖലകളുടെ വികസനത്തിനു വേണ്ടി മൃദുവായ്പകൾ അനുവദിക്കണമെന്നാണ്. അങ്ങനെ ചെയ്താൽ മറ്റു ഓപ്പറേറ്റർമാരുമായുള്ള ലെവൽ പ്ലേയിങ് ഫീൽഡിനെ തകിടം മറിക്കും എന്ന കാരണം പറഞ്ഞാണ് സർക്കാർ അതു സ്വീകരിക്കാതിരുന്നത്. എന്നാൽ നമ്മുടെ ചോദ്യം ഇതാണ്. ഗവൺമെന്റ് ലക്ഷക്കണക്കിന് കോടി രൂപ മൃദുവായ്പയായി മറ്റു രാജ്യങ്ങൾക്ക് നൽകുമ്പോൾ ബി.എസ്സ്.എൻഎല്ലിന് എന്തുകൊണ്ട് മൃദു വായ്പ അനുവദിച്ചുകൂട.?

ബി.എസ്സ്.എൻ.എല്ലിന്റെ ഉടമയായ ഗവൺമെന്റ് കമ്പനിയുടെ മൂലധനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി മൂലധന നിവേശം ഉറപ്പു വരുത്തണം എന്നതാണ് നമ്മുടെ നിലപാട്. അല്ലാത്ത പക്ഷം സർക്കാർ ബി.എസ്സ്.എൻ.എല്ലിന് മൃദു വായ്പ അനുവദിക്കണം.

## വി.ആർ.എസ്സും വിരമിക്കൽ പ്രായം കുറവുചെയ്യലും ആവശ്യമേയില്ല

ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കാൻ എന്ന പേരിൽ വി. ആർ.എസ്സ് നടപ്പാക്കുന്നതിനും വിരമിക്കൽ പ്രായം 60ൽ നിന്ന് 58 ആയി കുറയ്ക്കാനുമാണ് അവർ ശ്രമം നടത്തുന്നത്. അതിന് സർക്കാർ മുന്നോട്ടു വയ്ക്കുന്ന വാദം ബി.എസ്സ്.എൻ.എല്ലിൽ ജീവനക്കാരുടെ എണ്ണം വളരെ കൂടുതലാണ്. അത്രയും പേർക്ക് ശമ്പളം നൽകാൻ കമ്പനിക്ക് കഴിയില്ല എന്നതാണ്.

ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരുത്തേണ്ട ആവശ്യമേയില്ല. ബി.എസ്സ.എൻ.എൽ മാനേജുമെന്റിന്റെ തന്നെ കണക്കനുസരിച്ച് 31-03-2024 ആകുമ്പോഴേക്കും 79000 ജീവനക്കാർ റിട്ടയർ ചെയ്യും. അങ്ങനെയിരിക്കെ വി.ആർ.എസ്സിലൂടെ 40,000 ജീവനക്കാരെ വീട്ടിൽ പറഞ്ഞയക്കുന്നതിന്റെ ആവശ്യമെന്താണ്. ബി.എസ്സ്.എൻ.എൽ. എംപ്ളോയീസ് യൂണിയൻ വി.ആർ.എസ്സിനെ ശക്തമായി എതിർക്കുന്നു. 12.04.2019 ന് വി.ആർ.എസ്സിനെതിരെ ബി.എസ്സ്.എൻ.എൽ ഇ യൂ, എൻ.എഫ്.ടി.ഇ., എ.ഐ.ബി.എസ്സ്.എൻ.എൽ.ഇ.എ, ബി.എസ്സ്.എൻ.എൽ. എം.എസ്, ടി.ഇ.പി.യു, ബി.എസ്സ് എൻ.എൽ എ.ടി.എം എന്നീ സംഘടനകൾ ചേർന്ന് രാജ്യവ്യാപകമായ പ്രകടനങ്ങൾ നടത്തി. മുൻ പറഞ്ഞ സംഘടനകളുടെ ജനറൽ സെക്രട്ടറിമാർ ഒപ്പിട്ട ഒരു കത്ത് ഗവൺമെന്റിന് അയച്ചുകൊടുക്കുകയും ചെയ്തു.

റിട്ടയർമെന്റ് പ്രായം 60 ൽ നിന്ന് 58 ആയി കുറയ്ക്കണം എന്ന പദ്ധതിയെപ്പറ്റി പറയുകയാണെങ്കിൽ അത് ഒരു കരാർ ലംഘനമാണ്. റിട്ടയർമെന്റ് സംബന്ധിച്ച സർക്കാർ റൂൾ ബി.എസ്സ്.എൻ.എല്ലിനും ബാധകമായിരിക്കും എന്ന് അന്നത്തെ അംഗീകൃത ഫെഡറേഷനുകൾക്ക് ബി.എസ്സ്.എൻ.എൽ രൂപീകരണ സമയത്ത് സർക്കാർ ഉറപ്പു നൽകിയിരുന്നു. വി.ആർ.എസ്സ് വഴിയും വിരമിക്കൽ പ്രായം 60 ൽ നിന്ന് 58 ആയി കുറയ്ക്കുക വഴിയും ബി.എസ്സ്.എൻ.എല്ലിലെ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നത് കമ്പനിയെ ഭാവിയിൽ സ്വകാര്യമേഖലയിലേക്ക് ആകർഷിക്കാനാണ് എന്ന് വിശ്വസിക്കാൻ എല്ലാ കാരണങ്ങളുമുണ്ട്. അതുകൊണ്ട് വി.ആർ.എസ്സിനേയും വിരമിക്കൽ പ്രായം കുറയ്ക്കലിനെയും പല്ലും നഖവും ഉപയോഗിച്ച് എതിർക്കേണ്ടതാണ്.

## നേരിട്ടു നിയമിക്കപ്പെട്ട ജീവനക്കാരോട് ഒരഭ്യർത്ഥന

നേരിട്ട് റിക്രൂട്ട് ചെയ്യപ്പെട്ട ജീവനക്കാരിൽ ഭൂരിഭാഗവും വി.ആർ.എസ്സിനേയും വിരമിക്കൽ പ്രായം 60 ൽ നിന്ന് 58 ആക്കുന്നതിനേയും പിന്തുണക്കുന്നവരാണെന്നത് ദൗർഭാഗ്യകരമാണ്. അബ്സോർബ് ചെയ്യപ്പെട്ട ജീവനക്കാർ പുറത്തു പോയാൽ ബി.എസ്സ്.എൻ.എല്ലിന്റെ സാമ്പത്തിക നില മെച്ചപ്പെടുമെന്നാണ് അവർ വിശ്വസിക്കുന്നത്. ഇത് പൂർണ്ണമായ തെറ്റിദ്ധാരണയാണ്.

ബി.എസ്സ.എൻ.എല്ലിന്റെ വരുമാനത്തിന്റെ 75%വും ജീവനക്കാർക്ക് ശമ്പളം കൊടുക്കാനാണ് ചെലവാകുന്നതെന്നാണ് ബഹുമാനപ്പെട്ട വാർത്താ വിനിമയ ഐ.ടി മന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് പാർലമെന്റിൽ പ്രസ്താവിച്ചത് നേരിട്ടു നിയമനം ലഭിച്ച ജീവനക്കാരെയും മുന്നിൽ കണ്ടുകൊണ്ടാണ്. ബഹുമാന്യനായ മന്ത്രി അതേ പ്രസ്താവനയിൽ സ്വകാര്യകമ്പനികളുടെ കാര്യവും കൂടി എടുത്തു പറഞ്ഞതെന്ന കാര്യം നേരിട്ടു നിയമിക്കപ്പെട്ട ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

സ്വകാര്യ കമ്പനികൾ അവരുടെ വരുമാനത്തിന്റെ 2.5% മുതൽ 5% വരെ മാത്രമേ ശമ്പളം കൊടുക്കാൻ ചെലവഴിക്കുന്നുള്ളൂ എന്നാണ് മന്ത്രിയുടെ വാദം. ബി.എസ്സ്.എൻ.എൽ. കൊടുക്കുന്ന ശമ്പളത്തിന്റെ അത്രയും തുക ശമ്പളമായി സ്വകാര്യകമ്പനികൾ കൊടുക്കുന്നില്ല എന്നത് ശരിയാണ്. അബ്സോർബു ചെയ്യപ്പെട്ട ജീവനക്കാരെ വി.ആർ.എസ്. വഴിയും വിരമിക്കൽ പ്രായം കുറവു ചെയ്തും വീട്ടിലയച്ചശേഷം ഗവൺമെന്റിന്റെ അടുത്ത ലക്ഷ്യം നേരിട്ടു നിയമിക്കപ്പെട്ട ജീവനക്കാരാണ്. അതിന്റെ കാരണം ബി.എസ്സ്.എൻ.എല്ലിന്റെ ശമ്പള ബിൽ സ്വകാര്യ കമ്പനികളുടെതിനൊപ്പം കൊണ്ടുവരിക എന്നാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതായത് ബി.എസ്സ്.എൻ.എല്ലിന്റെ ശമ്പളബില്ലും സ്വകാര്യ കമ്പനികൾക്കൊപ്പം 2.5% മുതൽ 5% ത്തിൽ എത്തിക്കുക എന്നതാണ്. എയർടെല്ലിലെ തൊഴിലാളികളുടെ എണ്ണം 16,000വും വോഡഫോൺ ഐഡിയയുടേത് ഏകദേശം 9000വും ആണ്. അവരുടെ ഭൂരിഭാഗം ജോലികളും പുറംകരാർ ജോലിക്കാരാണ് ചെയ്യുന്നത്. ബി.എസ്സ്.എൻ.എല്ലിലെ ജോലിക്കാരുടെ തൊഴിൽ ശക്തിയേയും സ്വകാര്യകമ്പനികളിലെ തൊഴിൽ ശക്തിയുടെ തലത്തിലേക്ക് കൊണ്ടു വരികയാണെങ്കിൽ നേരിട്ടു നിയമനം ലഭിച്ച ജീവനക്കാരും നിർബന്ധിത വിരമിക്കൽ (സി.ആർ.എസ്സ്.) പദ്ധതിയിലൂടെ പിരിച്ചു വിടൽ നേരിടേണ്ടിവരും. നേരിട്ടു നിയമിക്കപ്പെട്ട ജീവനക്കാർ ഓർമ്മിക്കേണ്ടത് ബി.എസ്സ്.എൻ.എൽ ജീവനക്കാരുടെ എണ്ണം ഇപ്പോൾ വെട്ടിച്ചുരുക്കുന്നത് സ്വകാര്യവത്കരണത്തിന് ആകർഷകമാക്കുക എന്ന ലക്ഷ്യത്തോടെയാണ്.

അതുകൊണ്ട് നേരിട്ടു നിയമിക്കപ്പെട്ട ജീവനക്കാർ ഇപ്പോൾ ചെയ്യേണ്ടത് വി.ആർ.എസ്സിലൂടെയും വിരമിക്കൽ പ്രായം വെട്ടിക്ക

ക്കുറച്ചും പിരിച്ചു വിടപ്പെടാൻ സാധ്യതയുള്ള അബ്സോർബ് ചെയ്യ പ്പെട്ട ജീവനക്കാരോടൊപ്പം ചേർന്ന് അതിനെതിരെയും ശക്തമായി സർക്കാരിന്റെ ബി.എസ്സ്.എൻ.എൽ. വിരുദ്ധ നടപടികൾക്കെ തിരെയുമുള്ള എല്ലാ സമരങ്ങളിലും ഒത്തുചേരണമെന്ന് ഞങ്ങൾ അവരോട് അഭ്യർത്ഥിക്കുന്നു

## സ്വകാര്യവത്ക്കരണത്തിനെതിരെയുള്ള പോരാട്ടം

ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കാൻ ആത്മാർത്ഥമായ ഒരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ലെന്ന് കഴിഞ്ഞ പതിനെട്ടര വർഷത്തെ അനുഭവത്തിൽ നിന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സർക്കാരിന്റെ പൊതുവായ നയം എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളേയും തകർക്കുക എന്നതാണെന്നിരിക്കെ ബി.എസ്സ്.എൻ.എല്ലിനെ പുനരുദ്ധരിക്കാൻ ഗവൺമെന്റ് എന്തെ ങ്കിലും നടപടി എടുക്കുമെന്ന് നാം എങ്ങനെ വിശ്വസിക്കും? ധന മന്ത്രി ഇക്കഴിഞ്ഞ ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പനയിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് 105000 കോടി രൂപയാണ്. ലാഭം ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപന ങ്ങളെപ്പോലും സ്വകാര്യവത്ക്കരിക്കാൻ ഗവൺമെന്റ് തീരുമാനമെ ടുത്തു കഴിഞ്ഞു. സ്വകാര്യവത്ക്കരിക്കാൻ പോകുന്ന 40 പൊതു മേഖലാ കമ്പനികളുടെ ലിസ്റ്റ് നീതി ആയോഗ് തയ്യാറാക്കി കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളെ രോഗഗ്രസ്തമാക്കുക എന്നതാണ് ആദ്യത്തെ തന്ത്രം. അതിനുശേഷം നിസ്സാര വിലയ്ക്ക് വിൽക്കുക. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ അവിഭാജ്യഘടക മെന്ന നിലയ്ക്ക് ബി.എസ്സ്.എൻ.എൽ ജീവനക്കാരും സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയങ്ങൾക്കെതിരെയുള്ള കേന്ദ്ര ട്രേഡു യൂണിയനുകളുടെ പ്രക്ഷോഭങ്ങളിൽ അണിചേരണം.

## വൻതോതിൽ പൊതുജനാഭിപ്രായം സമാഹരിക്കുക

ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണത്തിനു വേണ്ടി തീവ്ര മായ ഐക്യസമരങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം കമ്പനിയുടെ പുനരുദ്ധാരണത്തിനനുകൂലമായ പൊതുജനാഭിപ്രായം സമാഹരി ക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ബി.എസ്സ്.എൻ.എൽ പ്രക മ്പിതമായ ഒരു പൊതുമേഖലാ സ്ഥാപനമായി നിലനിന്നുകാണ

ണമെന്നാണ് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത്. ബി.എസ്സ്.എൻ. എല്ലിന് 4 ജി സാങ്കേതിക വിദ്യ ഇല്ലാതിരുന്നിട്ടും മാസം തോറും ലക്ഷക്കണക്കിന് പുതിയ ഉപഭോക്താക്കൾ ബി.എസ്സ്.എൻ. എല്ലിലേക്കു വരാൻ തന്നെ കാരണം ഇതാണ്. ഇതാണ് നമ്മുടെ ഏറ്റവും വലിയ ശക്തി. അതുകൊണ്ടു നാം കൂടുതലായി പൊതുജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുകയും ബി.എസ്സ്.എൻ.എല്ലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പൊതുജനങ്ങളുടെ സഹായവും സമാഹരിക്കേണ്ടതാണ്. നാം ഇത് മുൻകാലങ്ങളിൽ ചെയ്തിട്ടുണ്ട്. കൂടുതൽ ഫലപ്രദമായി ഇനിയും ചെയ്യേണ്ടിയിരിക്കുന്നു. കഴിഞ്ഞ 18 വർഷക്കാലം ബി.എസ്സ.എൻ.എല്ലിനെ സംരക്ഷിച്ചു നിർത്തിയത് ഐക്യത്തോടെയുള്ള ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളാണ്. ബി.എസ്സ.എൻ.എല്ലിനെ സംരക്ഷിച്ചു നിർത്താനും അതോടൊപ്പം യൂണിയനുകളുടെയും അസ്സോസിയേഷനുകളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലാഭമുണ്ടാക്കുന്ന ഒരു കമ്പനിയാക്കി മാറ്റാനും കഴിയുമെന്നുള്ളത് ഉറപ്പാണ്. അതു നേടുന്നതിന് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.